## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:6130** **07/11/2016 ൽ മറുപടിക്ക്**

## കൃഷിഭവനുകളുടെ പ്രവർത്തനം മെച്ചമാക്കാൻ നടപടി

| ചോദ്യം<br>ശ്രീ.പി.കെ. ശശി: | മറുപടി<br>ശ്രീ.വി. എസ്. സുനിൽകുമാർ<br>(കൃഷിവകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്തെ കൃഷിഭവനുകളുടെ പ്രവർത്തനം ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) ഉണ്ട്. ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ പ്രതിമാസ യോഗങ്ങളിലും, ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരും, നോഡൽ ഓഫീസർമാരായ കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരും, കൃഷി ഭവന്റെ പ്രവർത്തനവും പദ്ധതി നിർവ്വഹണവും വിലയിരുത്താറുണ്ട്. |
| ബി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ പ്രവർത്തനം നിലച്ചമട്ടിലും മന്ദീഭവിച്ചതുമായിട്ടുണ്ടായിരുന്ന കൃഷിഭവനുകൾ ഏതെല്ലാമെന്നും ഇവയെ പ്രവർത്തനക്ഷമമാക്കാൻ ഈ സർക്കാർ എന്തു നടപടികൾ നാളിതുവരെ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ; | ബി) കൃഷി ഭവനുകളുടെ പ്രവർത്തനം പ്രസ്തുത കാലയളവിൽ നിലയ്ക്കുകയോ, മന്ദീഭവിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും പാകപ്പിഴകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃഷി ഭവന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി കൃഷി ഓഫീസർമാരുടെ ഒഴിവുള്ള കൃഷി ഭവനുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും പി.എസ്.സി. മുഖേനയും നിയമനം നടത്തി വരുന്നു. കൃഷി ഭവനുകൾ പ്രവർത്തനക്ഷമമാക്കാൻ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും വിജ്ഞാന വ്യാപനത്തിന് ആവശ്യമായ സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും വാഹന സൗകര്യങ്ങൾ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സി) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കഴിഞ്ഞ സർക്കാർ കൃഷി വകുപ്പിൽ നിന്നും എത്ര ശതമാനം ജീവനക്കാരെ തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് പുനർവിന്യസിച്ചു എന്നും ഇത് കൃഷി വകുപ്പിന്റെ പ്രവർത്തനത്തെ ബാധിച്ചുവോ എന്നും എങ്കിൽ എന്തുമാത്രമെന്നും വ്യക്തമാക്കുമോ;

സി) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കൃഷി വകുപ്പിൽ നിന്നും 197 ക്ലറിക്കൽ വിഭാഗം ജീവനക്കാരെ തദ്ദേശസ്വയം ഭരണ വകുപ്പിലേയ്ക്ക് പുനർ വിന്യസിപ്പിക്കുകയുണ്ടായി. ക്ലറിക്കൽ ജീവനക്കാരുടെ പുനർവിന്യാസം കൃഷി വകുപ്പിലെ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. ടി വിഷയം സർക്കാർ പരിശോധിച്ചുവരുന്നു..

ഡി) ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടത്തിൽ ഭക്ഷ്യവിളകളുടെ ഉല്പാദനം തുടങ്ങി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ഉദ്ദേശിക്കുന്നത് എന്നും ആയതിനായി കൃഷിഭവൻ പ്രവർത്തനം മെച്ചമാക്കാൻ എന്തുനടപടി സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

ഡി) പ്രധാന കാർഷിക വിളകളായ നെല്ല്, തെങ്ങ്, പച്ചക്കറികൾ പ്രാദേശികമായി അനുയോജ്യമായ മറ്റ് കാർഷിക വിളകൾ എന്നിവയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിച്ച് മെച്ചപ്പെട്ട വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തി കർഷകന് പരമാവധി വരുമാനം നേടിക്കൊടുത്ത് കാർഷിക മേഖല ആദായകരവും ആകർഷകവുമാക്കുവാനാണ് കൃഷിവകുപ്പ് ലക്ഷ്യമിടുന്നത്. യന്ത്രവൽക്കരണം, പ്രത്യേക കാർഷിക മേഖലകൾ കേന്ദ്രീകരിച്ച് അനുയോജ്യമായ വിളകളുടെ കൃഷി ഊർജ്ജിതപ്പെടുത്തൽ. വിപണിക്കനുസൃതമായ പ്രൊഡക്ഷൻ പ്ലാനിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദനം ക്രമപ്പെടുത്തി കാർഷിക ഉല്പന്നങ്ങൾക്ക് ശക്തമായ വിപണന സൗകര്യം പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണവും കൃഷി വ്യാപിപ്പിക്കലും തുടങ്ങിയ മേഖലകളിലാണ് കൃഷിവകുപ്പ് ഊന്നൽ നൽകുവാൻ ഉദ്ദേശിക്കുന്നത്. ഈ പരിപാടികളിൽ എല്ലാം തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക പങ്കാളിത്തവും പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ